**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1654** — **15.02.2016-ൽ മറുപടിക്ക്**

**ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എസ്.ശർമ്മ** | | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) | |
| (എ) | തെരെഞ്ഞടുക്കപ്പെട്ട ജില്ലകളിൽ ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ് എന്ന 2012-13 ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പാക്കിയോ ; | (എ) | നടപ്പിലാക്കി. |
| (ബി) | ശുചിത്വ മിഷൻ വഴി നടപ്പാക്കിയ ഈ പദ്ധതി പ്രകാരം ഏതെല്ലാം ജില്ലകളിലാണ് ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളത് എന്നറിയിക്കാമോ ; | (ബി) | തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലാണ് നിലവിലുള്ള ഭാഗിക സംവിധാനങ്ങൾ നവീകരിച്ച് ആധുനിക രീതിയിലുള്ള സ്വിവറേജ് സംവിധാനവും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കാനായി നടപടി എടുത്തിട്ടുള്ളത്. തിരുവനന്തപുരത്ത് മുട്ടത്തറയിൽ പണി പൂർത്തിയാക്കിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ സെപ്റ്റേജ് കൂടി സംസ്ക്കരിക്കാനാണ് നടപടി എടുത്തിട്ടുള്ളത്. എറണാകുളം ബ്രഹ്മപുരത്ത് പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ശേഷിക്കുന്ന ജില്ലകളായ പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ (കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി) എന്നീ സ്ഥലങ്ങളിൽ സെപ്റ്റേജ് മാത്രം സംസ്ക്കരിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കാനാണ് നടപടി എടുത്ത് വരുന്നത്. ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം |

ലഭ്യമാകുന്നതിന് 5 ജില്ലകളിൽ ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 4 സ്ഥലങ്ങളിൽ കോട്ടയം (വൈക്കം), ആലപ്പുഴ, കണ്ണൂർ, വയനാട് (കൽപ്പറ്റ) എന്നിവിടങ്ങളിൽ ബന്ധപ്പെട്ട മുനിസ്സിപ്പാലിറ്റികളുടെ സ്ഥലം ഉപയോഗപ്പെടുത്താനാണ് നടപടി കൈകൊണ്ടിട്ടുള്ളത്.

(സി) ഇതിനായി ശുചിത്വ മിഷൻ എന്ത് തുക ചെലവഴിച്ചുവെന്നറിയിക്കാമോ ?

(സി) ശുചിത്വമിഷൻ ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണത്തിനായി കേരള വാട്ടർ അതോറിറ്റിക്ക് 1 കോടി രൂപയും സെപ്റ്റേജ് ട്രീറ്റ്മെന്റിനായി കെ.എസ്.യു.ഡി.പിക്ക് 1,68,65000/- രൂപയും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ മലിന ജല സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3,800,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**